# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.5750** **02.07.2019 ലെ മറുപടി**

## പയ്യന്നൂർ മണ്ഡലത്തിലെ കുളങ്ങളുടെ സംരക്ഷണം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.സി.കൃഷ്ണൻ :** | **കെ.കൃഷ്ണൻകുട്ടി**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) ഹരിത കേരള മിഷനുമായി ബന്ധപ്പെട്ട് കുളങ്ങൾ സംരക്ഷിക്കാനും വിപുലപ്പെടുത്താനുമായി ഏതെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; വിശദീകരിക്കുമോ; | (എ) ഹരിതകേരളം മിഷൻ ജലസംരക്ഷണ ഉപമിഷന്റെ (ജലസമൃദ്ധി) ലക്ഷ്യങ്ങളായ ജല സംരക്ഷണവും ജലസുരക്ഷയും ഉറപ്പാക്കുന്നതിനായി ജന പങ്കാളിത്തത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലും വിവിധ വകുപ്പുകളുടെ സഹകരണത്തോടെയും നിരവധി പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്.<br><br>ജലസേചന വകുപ്പിൽ കുളങ്ങളുടെ നവീകരണത്തിനായി, ഹരിതകേരളം ടാങ്കുകളുടെ കുളങ്ങളുടെയും നവീകരണം എന്ന പദ്ധതി നിലവിൽ ഉണ്ട്. കൂടാതെ എം.ഐ ക്ലാസ് I ഹരിതകേരളം, എം.ഐ ക്ലാസ് II ഹരിത കേരളം എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തിയും കുളങ്ങളുടെ നവീകരണം ഏറ്റെടുക്കാറുണ്ട്.<br><br>1034 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നീർത്തട നടത്തം പൂർത്തിയാക്കി, 843 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നീർത്തട പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഇതിൻപ്രകാരം ഈ പ്ലാനുകളിൽ ഉൾപ്പെട്ട പ്രവൃത്തികൾ മുൻഗണന തീരുമാനിച്ച് ഘട്ടം ഘട്ടമായി പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. വിവിധ സർക്കാർ വകുപ്പുകളുടെയും ഏജൻസികളുടെയും ഏകോപനം സാധ്യമാക്കിക്കൊണ്ട് കുളങ്ങളുടെ നിർമ്മാണവും നിലവിലുള്ള കുളങ്ങളുടെ നവീകരണവും ഈ പ്ലാനുകളെ അടിസ്ഥാനമാക്കി നിർവ്വഹിച്ചുവരുന്നു. ഹരിതകേരളം മിഷന്റെ ഭാഗമായി നാളിതുവരെ 13738 കുളങ്ങൾ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ, 15381 കുളങ്ങൾ നവീകരിച്ചു. 1,47,239 ഏക്കർ വൃഷ്ടി പ്രദേശ പരിപാലനം നിർവ്വഹിച്ചു. |

| | | | |
|---|---|---|---|
| (ബി) | എങ്കിൽ പയ്യന്നൂർ മണ്ഡലത്തിൽ ഇതിന്റെ ഭാഗമായി ഫണ്ട് അനുവദിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ? | (ബി) | ഉണ്ട്. പയ്യന്നൂർ മണ്ഡലത്തിൽ പയ്യന്നൂർ മുനിസിപ്പാലിറ്റിയിൽ മുതിയാളം പൂഴി ക്കുളത്തിന്റെ നവീകരണത്തിനായി 22.10 ലക്ഷം അടങ്കൽ തുക വരുന്ന പ്രവൃത്തിക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ 2019-20 സാമ്പത്തിക വർഷത്തിൽ കരിവെള്ളൂർ പെരളം പഞ്ചായത്തിലെ എലത്തൂർ കുണ്ട് കുളത്തിന്റെ നവീകരണത്തിനായുള്ള ഭരണാനുമതി നല്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

SRad.

**സെക്ഷൻ ഓഫീസർ**